**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3224** **04-08-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ യൂണിറ്റിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ അതിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കാമോ; | (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിലെ ട്രോമ കെയർ യൂണിറ്റിന്റെ കെട്ടിട നിർമ്മാണം 85% പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണം, അഗ്നി സുരക്ഷാ സംവിധാനങ്ങൾ, സെപ്റ്റിക് ടാങ്ക് കണക്ഷൻ തുടങ്ങിയ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി കെട്ടിടം കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എം.ബി.ബി.എസ്. പ്രവേശനത്തിനായി എമർജൻസി മെഡിസിൻ വിഭാഗം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ എമർജൻസി വിഭാഗം കാര്യകക്ഷമമായി പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | തൃശ്ശൂർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി 4 (പ്രൊഫസർ-1, അസോസിയേറ്റ് പ്രൊഫസർ-1, അസിസ്റ്റന്റ് പ്രൊഫസർ-2) തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (സി) | ഭരണാനുമതി ലഭ്യമാകുന്നതിനായി ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ള തൃശ്ശൂരിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ